എന്ന സ്ഥലത്തേക്ക് ഡീർ പാർക്കും മിനി സൂവും മാറ്റിസ്ഥാപിച്ച് വന്യജീവികൾക്ക് കേന്ദ്ര സൂ അതോറിറ്റി നിഷ്കർഷിക്കുന്ന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്വീകരിക്കുന്നതാണ്.

(സി) മൃഗങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1.	മ്ലാവ്	..	29
2.	പുള്ളിമാൻ	..	41
3.	വെള്ളക്കുരങ്ങ്	..	1
4.	കാട്ടുപൂച്ച	..	1
5.	ഉടുമ്പ്	..	1
6.	മരപ്പട്ടി	..	5
7.	മുള്ളൻപന്നി	..	1
8.	കീരി	..	3
9.	മലയണ്ണാൻ	..	1
10.	മുയൽ	..	4
11.	ഗിനിപിഗ്	..	2
12.	കാട്ടുപോത്ത്	..	3
13.	ചീങ്കണ്ണി	..	4
14.	മയിൽ	..	3
15.	വെള്ള മൂങ്ങ	..	2
16.	ഫ്ളയിംഗ് ഡക്ക്	..	10
17.	കൃഷ്ണപ്പരുന്ത്	..	5
18.	ചക്കിപ്പരുന്ത്	..	7
19.	നാട്ടുതത്ത	..	12
20.	മൈന	..	1
21.	നീലതത്ത	..	1
22.	പാതിരാകൊക്ക്	..	1
23.	കുളകൊക്ക്	..	1
24.	കാലിമൊണ്ടി	..	2
25.	ചുളൻ എരണ്ട	..	3
26.	തത്തചിന്നൻ	..	1
27.	ലൗവ് ബേർഡ്	..	4
28.	പ്രാവ്	..	1
29.	ചോരക്കാലി	..	1
30.	ആന	..	8

ഇലക്ട്രിക് ഷോക്ക് മുഖേന ചരിഞ്ഞ കാട്ടാനകൾ.

113 [3399] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഇക്കഴിഞ്ഞ 10 വർഷത്തിനിടയിൽ സംസ്ഥാനത്ത് വിവിധ വനമേഖലകളിലായി ഇലക്ട്രിക് ഷോക്കേറ്റ് എത്ര കാട്ടാനകൾ ചരിഞ്ഞിട്ടുണ്ട്; ഇവയിൽ കൊമ്പനാനകൾ എത്ര എണ്ണമായിരുന്നു; ഏതൊക്കെ വനമേഖലകളിലായിരുന്നു;

(ബി) ഇവയിൽ സ്വകാര്യ തോട്ടങ്ങളിലെ കമ്പിവേലികളിൽകൂടി ശക്തികൂടിയ വൈദ്യുതി കടത്തിവിട്ടതിലൂടെ ഉണ്ടായിട്ടുള്ള സംഭവങ്ങൾ എത്ര; ഈ പ്രവൃത്തി മൂലം ആളപായമുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ഹൈടെൻഷൻ ലൈനുകൾ താഴ്ന്നുകിടക്കുന്നതിലൂടെ ഉണ്ടായിട്ടുള്ള ഇത്തരം അപായങ്ങൾ എത്രയായിരുന്നു;

(ഡി) ട്രെയിൻ ഇടിച്ചും വാഹനങ്ങൾ ഇടിച്ചുമുണ്ടായ അപായങ്ങൾ എത്രയായിരുന്നു;

(ഇ) വംശനാശ ഭീഷണി നേരിടുന്ന ആനയെ പോലെയുള്ള വന്യമൃഗങ്ങളെ ഷോക്കേല്പിച്ച് കൊല്ലുന്നവിധം കനിവേലികളിൽ വൈദ്യുതി കടത്തിവിടുന്നതിന് സ്വകാര്യ തോട്ടമുടമകൾക്ക് ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംഭവങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 38 എണ്ണം. ഇവയിൽ 12 എണ്ണം കൊമ്പനാനകൾ ആയിരുന്നു. ഇതിന്റെ മേഖല തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

പറമ്പിക്കുളം	..	2
വയനാട്	..	1
അച്ചൻകോവിൽ	..	3
തിരുവനന്തപുരം	..	2
റാന്നി	..	14
മറയാറ്റൂർ	..	1
വാഴച്ചാൽ	..	1
പെരിയാർ ടൈഗർ റിസർവ് (ഈസ്റ്റ്)	..	6
നെൻമാറ	..	2
പാലക്കാട്	..	1
മണ്ണാർക്കാട്	..	3
വയനാട് സൗത്ത്	..	2

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ട് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പ്രവൃത്തിമൂലം ആളപായമുണ്ടായിട്ടില്ല.

(സി) 10 എണ്ണം.

(ഡി) രണ്ട്.

(ഇ) വന്യമൃഗങ്ങളെ ഷോക്കേല്പിച്ച് കൊല്ലുന്നവിധം കമ്പിവേലികളിൽകൂടി വൈദ്യുതി കടത്തിവിടുന്നതിന് സ്വകാര്യ തോട്ടമുടമകൾക്ക് ഗവൺമെന്റ് അനുവാദം നൽകിയിട്ടില്ല. ഇത്തരം സംഭവങ്ങൾക്ക് വന്യജീവി (സംരക്ഷണ) നിയമപ്രകാരം കേസ്സെടുത്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളി കായികതാരങ്ങൾ

114 [3400] ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരും കേരളത്തിലേക്കു തിരിച്ചുവരാൻ തയ്യാറുള്ളവരുമായ മലയാളി കായികതാരങ്ങളെ സംബന്ധിച്ച കണക്ക് സംസ്ഥാന ഗവൺമെന്റോ സ്പോർട്ട്സ് കൗൺസിലോ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ കായിക ഇനം തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കാമോ;

(സി) സംസ്ഥാനത്ത് ജോലി ലഭിക്കുവാനായി അപേക്ഷിച്ച കായികതാരങ്ങളുടെ അപേക്ഷകളിൻമേൽ ഈ ഗവൺമെന്റ് വന്നതിനുശേഷം എന്തെല്ലാം മേൽനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

സ്പോർട്ട്സ് ക്വാട്ടയിൽ നിയമനം ലഭിച്ച വനിതാകായിക താരങ്ങൾക്ക് നിയമനം

115 [3401] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്പോർട്ട്സ് ക്വാട്ടയിൽ എത്ര വനിതാകായികതാരങ്ങൾക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly.